## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1423        03.10.2016 ൽ മറുപടിക്ക്

### പാറശ്ശാല മണ്ഡലത്തിലെ ആശുപത്രികൾ

| | ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പാറശ്ശാല മണ്ഡലത്തിലെ മലയോര പ്രദേശമായ വെള്ളറടയിൽ പ്രവർത്തിക്കുന്ന ആനപ്പാറ സി.എച്ച്.സി. താലൂക്കാശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | വെള്ളറട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (ആനപ്പാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ) നിലവിൽ 42 കിടക്കകളോടുകൂടി കിടത്തി ചികിത്സയുള്ള സ്ഥാപനമാണ്. ഒരു സിവിൽ സർജൻ, രണ്ട് അസിസ്റ്റന്റ് സർജൻ എന്നിവർ ജോലി ചെയ്യുന്നു. കൂടാതെ എൻ.എച്ച്.എം-ന്റെ 4 ഡോക്ടർമാരും ജോലി ചെയ്തുവരുന്നു. പ്രദേശത്തിലെ നിവാസികൾക്ക് ആശ്രയിക്കത്തക്ക രീതിയിൽ സെക്കണ്ടറി തലത്തിൽ ആരോഗ്യസേവനം നൽകാൻ 12 കിലോമീറ്ററിനകത്ത് പാറശ്ശാല താലൂക്ക് ആശുപത്രി സ്ഥിതിചെയ്യുന്നുണ്ട്. വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് വകുപ്പിന്റെ മുൻഗണനാ വിഷയം. |
| (ബി) | പാറശ്ശാല ഗവൺമെന്റ് ആശുപത്രിയിൽ ഒരു ആക്സിഡന്റ് ട്രോമാ കെയർ യൂണിറ്റും ഒരു ഡയാലിസിസ് സെന്ററും തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ? | (ബി) | സർക്കാരിന്റെ മാന്ദ്യവിരുദ്ധ പദ്ധതിയിൽ പാറശ്ശാല ഗവൺമെന്റ് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നത് ഉൾപ്പെടുത്തിയിട്ടുണ്ട്.<br>പാറശ്ശാല ഗവൺമെന്റ് ആശുപത്രിയിൽ ആക്സിഡന്റ് ട്രോമാ കെയർ യൂണിറ്റ് തുടങ്ങുവാനുള്ള proposal ടി ആശുപത്രി സൂപ്രണ്ട് നൽകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ